Talented Bankers Literary Panel
പുസ്തക പരിചയം 166

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുറുപ്പന്തറ ശാഖ.

ഞൊണ്ടിയുടെ കഥ
പി കേശവദേവ്.

പുരോഗമന സാഹിത്യകലയിൽ അഗ്രഗണ്യനായ പി കേശവദേവിന്റെ നോവലാണ് ഞൊണ്ടിയുടെ കഥ. അദ്ദേഹത്തിന്റെ തന്നെ അയൽക്കാർ, ഓടയിൽ നിന്ന് , ഭ്രാന്താലയം തുടങ്ങിയ ക്ലാസിക്കുകൾക്കിടയിൽ പെട്ടുപോയ നോവലാണ് ഞൊണ്ടിയുടെ കഥ. അർഹമായ പരിഗണന ലഭിക്കാതെ പോയ ഒരു കൃതി. താഴെക്കിടയിൽ നിന്നുള്ളവരായിരുന്നു അദ്ദേഹത്തിെന്റെ നായകസൃഷ്ടികളിൽ ഏറിയപങ്കും.

ഞൊണ്ടി ദാമുവിന്റെയും അവന്റെ ഉറ്റസുഹൃത്ത് തോമയുടെയും കഥയാണ് നോവൽ. പതിനാറാം വയസ്സിൽ അച്ഛനെ നഷ്ടപ്പെട്ട ദാമു തന്റെ സുഹൃത്തായ തോമയെയും കൂട്ടി നാടുവിടുന്നു. തുടർന്നുള്ള അവരുടെ ജീവിത യാത്രയുടെ സൂക്ഷ്മവും വിശദവുമായ വർണ്ണനയാണ് കേശവദേവ് നോവലിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്.

തെരുവുകളിൽ അന്തിയുറങ്ങിയും തെരുവ് തെണ്ടികൾക്കൊപ്പം സദ്യയുണ്ടും അവർ കഴിഞ്ഞു. കുടിച്ച് ലക്കു കെട്ട ഒരു കാവടി സന്യാസിയുടെ കാവടിയും കാഷായ വസ്ത്രങ്ങളും അവർ മോഷ്ടിക്കുന്നു. ഒരു പോലീസ് മർദ്ദനത്തെ തുടർന്ന് അവർ നാട്ടിലെ പ്രധാന ദിവ്യന്മാരും ആകുന്നു . മതത്തിൻറെ മേലങ്കി അണിഞ്ഞ് അവർ രാഷ്ട്രീയത്തിലും സജീവമാകുന്നു. തുടർന്ന് ദാമു സത്യാനന്ദയും തോമ ജ്ഞാനാനന്ദയും ആയി മാറുന്നു. വിജയയുമായുള്ള പരിചയം ദാമുവിന്റെ ജീവിതം മാറ്റിമറിക്കുന്നു. അതിനും കാരണം മേൽപ്പറഞ്ഞ കാഷായ ജീവിതം തന്നെ.

ദാമുവും തോമയും വിജയയും ചേർന്ന് ഒരു ഹോട്ടൽ വാടകക്കെടുത്ത് പ്രവർത്തനം തുടങ്ങുന്നു. തുടർന്ന് ദാമു ദാമോദറും തോമ ശ്രീധറുമായി പരിണമിക്കുന്നു. രക്ഷാധികാരി കെ വിജയ, പ്രൊപ്രൈറ്റർ ദാമോദർ , മാനേജർ ശ്രീധർ. പണക്കാർക്ക് വേണ്ടതെല്ലാം ഹോട്ടൽ 'സ്വതന്ത്ര' നൽകി. പിന്നെ സ്വന്തമായി ഒരു പത്രം തന്നെ അവർ ആരംഭിക്കുന്നു. അതും വൻവിജയമായതിനെ തുടർന്ന് അവർ ഹോട്ടലും വസ്തുവും വിലയ്ക്ക് വാങ്ങുന്നു.

തുടർന്നുള്ള അവരുടെ ജീവിതം നോവൽ വായിച്ച് തന്നെ അറിയേണ്ടതാണ്. ഹോട്ടൽ ബിസിനസും കള്ളക്കടത്തും രാഷ്ട്രീയവും തമ്മിലുള്ള അവിഹിത ബന്ധവും ഇടപാടുകളും ഭംഗിയായി തന്നെ സൂചിപ്പിച്ചിരുന്നു. അടുത്തകാലത്തൊന്നും കാലഹരണപ്പെടാൻ ഇടയില്ലാത്ത ഞൊണ്ടിയുടെ കഥ എന്ന ഈ നോവലിനുള്ള സ്ഥാനം കേശവദേവിന്റെ അയൽക്കാർ , ഭ്രാന്താലയം ആർക്കുവേണ്ടി , കണ്ണാടി തുടങ്ങിയ പ്രകൃഷ്ട കൃതികൾക്കൊപ്പം തന്നെയാണ്.

പ്രസാധകർ: പ്രഭാത് ബുക്ക് ഹൗസ്.
വില - Rs. 170/-